**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 294** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>തെരുവുനായ്ക്കളുടെ ശല്യം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. വത്സരാജ് ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** തെരുവുനായ്ക്കളുടെ നിയന്ത്രണവും സംരക്ഷണവും പുനരധിവാസവും സംബന്ധിച്ച ബഹു. സുപ്രീം കോടതിയുടെ വിധിയെക്കുറിച്ച് പഠിച്ച് സർക്കാർ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. എ.ബി.സി. സംബന്ധമായ സംശയങ്ങളും പരാതികളും ഫോൺ മുഖേന കേൾക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചിട്ടുണ്ട്. ഫീഡിങ്ങ് സ്പോട്ടുകൾ നിശ്ചയിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചുവരുന്നു. ഷെൽട്ടർ അനുവദിക്കുന്നതിന് തൃക്കാക്കര മുനിസിപ്പാലിറ്റിയും, തിരുവനന്തപുരം കോർപ്പറേഷനും നടപടി സ്വീകരിച്ചിട്ടുണ്ട്. അങ്കമാലി മുനിസിപ്പാലിറ്റി,കൊച്ചിൻ കോർപ്പറേഷൻ,കൊല്ലം കോർപ്പറേഷൻ എന്നീ തദ്ദേശസ്ഥാപനങ്ങൾ ഷെൽട്ടർ അനുവദിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ഹെൽത്ത് സ്ക്വാഡുകൾക്ക് തെരുവ് നായകളെ മോണിറ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. എ.ബി.സി. പദ്ധതികൾക്ക് തടസ്സം നിൽക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.

**(ബി)** സ്കൂൾ തുറന്നതു കണക്കിലെടുത്ത് തെരുവുനായകളിൽ നിന്നും കുട്ടികൾക്ക് സംരക്ഷണം നൽകാനുള്ള എന്തെങ്കിലും പ്രത്യേക നടപടികളോ നിർദ്ദേശങ്ങളോ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ;വിവരങ്ങൾ ലഭ്യമാക്കുമോ ;

**<u>മറുപടി:</u>** സ്കൂൾ തുറക്കുന്നത് കണക്കിലെടുത്ത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ലീനിങ് നടത്തുന്നതിനൊപ്പം സ്കൂൾ കോമ്പൗണ്ട് പരിസരത്തുള്ള തെരുവ് നായ്ക്കളെ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സ്കൂളുകളിൽ ഫെൻസിങ് ചെയ്യുന്നതിനും നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.

**(സി)** പേവിഷബാധയുള്ള നായ്ക്കളെ കണ്ടെത്തുന്നതിനും അവയെ സുരക്ഷിതമായ രീതിയിൽ പിടികൂടുന്നതിനും പരിശീലനം സിദ്ധിച്ചിട്ടുള്ള വേണ്ടത്ര ജീവനക്കാർ ഉണ്ടോ; കൂടുതൽ ആളുകൾക്ക് പരിശീലനം നൽകുമോ; ഇത്തരം നായ്ക്കളെ കണ്ടെത്തുന്നതിനും സുരക്ഷിതമായി പിടികൂടുന്നതിനും ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

**<u>മറുപടി:</u>** നിലവിൽ എ.ബി.സി. സെന്റർ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ പരിശീലനം ലഭിച്ച dog catcher മാർ നിലവിലുണ്ട്. എ.ബി.സി. സെന്റർ ഇല്ലാത്ത സ്ഥലങ്ങളിലും ആന്റി റാബിസ് വാക്സിൻ യജ്ഞം നടത്തുന്നതിന് dog catcher മാരെയും കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**(ഡി)** കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ 7 ഗ്രാമപഞ്ചായത്തുകളിലും തെരുവ് നായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിനും ആക്രമണം തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;പഞ്ചായത്ത് തിരിച്ച് നടപടികൾ വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കൈപ്പമംഗലം നിയോജക മണ്ഡലത്തില 7 ഗ്രാമ പഞ്ചായത്തുകളിലും തെരുവ് നായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിനും ആക്രമണം തടയുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. **<u>ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്ത്</u>**

നായകൾക്ക് പേവിഷബാധ പ്രതിരോധ കുത്തിവെയ്പിന് 85,000 രൂപയും തെരുവുനായ ഷെൽട്ടറിന് 5,00,000 രൂപയും 2026-27 വാർഷിക പദ്ധതിയിൽ വകയിരുത്തിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ചുറ്റുമതിലും ഗേറ്റും സ്ഥാപിക്കുന്നതിനും നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

2. **<u>കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്</u>**

സ്കൂളുകൾ അടച്ചുറപ്പായി മതിൽ കെട്ടി സംരക്ഷിക്കുന്നതിന് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുള്ളതും, അവയ്ക്കുള്ള നടപടികൾ ഉറപ്പു വരുത്തിയിട്ടുള്ളതുമാണ്. തെരുവുനായ്ക്കളെ പിടികൂടുന്നതിനുള്ള പരിശീലനം സിദ്ധിച്ചവരുടെ അഭാവം നേരിടുന്നുണ്ട്. 10 കിലോമീറ്റർ ദൂരെ നിന്നുമാണ് പരിശീലനം സിദ്ധിച്ചവരുടെ സേവനം ഉപയോഗിക്കപ്പെടുത്തുന്നത്. അത്തരം ആളുകളെ ഉപയോഗപ്പെടുത്തി പേവിഷബാധയുള്ള നായ്ക്കളെ പിടികൂടുന്നതിനും നിരീക്ഷണത്തിൽ പാർപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് തെരുവുനായയുടെ ആക്രമണം മൂലം ആറു പേർക്ക് പരിക്കേറ്റതിനെ തുടർന്ന് ചികിത്സാസഹായം ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഇടപെട്ടിട്ടുണ്ട്. ടി തെരുവുനായ ചത്തതിനെ തുടർന്ന് പേവിഷബാധ സ്ഥിരീകരിക്കുന്നതിന് പോസ്റ്റുമോർട്ടം നടത്തിയതിനു ശേഷമാണ് കുഴിച്ചിട്ടത്.കടിയേറ്റവർക്ക് ചികിത്സ ഉറപ്പാക്കുകയും സമ്പർക്കത്തിലുള്ള നായകളെ നിരീക്ഷണത്തിലാക്കുകയും ചെയ്തിട്ടുണ്ട്. വാക്സിനേഷൻ പ്രക്രിയ, പ്രദേശങ്ങളിൽ ഉറപ്പാക്കുകയും പഞ്ചായത്ത് തല ജനകീയസമിതിയും, വാർഡ് തല ജാഗ്രതാസമിതിയും കൂടി മുൻ കരുതൽ എടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തും മൃഗ സംരക്ഷണ-ആരോഗ്യ വകുപ്പുകളും ചേർന്ന് മത്സ്യ-മാംസ (ചിക്കൻ) സ്റ്റാളുകൾ സന്ദർശിച്ച് പരിശോധന നടത്തുകയും, തെരുവ് നായ്ക്കളെ ആകർഷിക്കുന്ന രീതിയിൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുമെന്ന് താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഭക്ഷണശാലകളിലെ ചെക്കിങ്ങ് ഊർജ്ജിത മാക്കിയിട്ടുണ്ട്.

3. **<u>എടത്തിരുത്തി ഗ്രാമ പഞ്ചായത്ത്</u>**

എല്ലാവർഷവും തെരുവുനായകൾക്കുള്ള വാക്സിനേഷൻ കൃത്യമായി നടത്തിവരുന്നു.

4. **<u>മതിലകം ഗ്രാമ പഞ്ചായത്ത്</u>**

മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ Animal Birth Control (ABC) പദ്ധതി , Anti-Rabies Vaccination (ARV) പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നതോടൊപ്പം പൊതുജനങ്ങളുടെ

സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങളും മാലിന്യ സംസ്കരണ നടപടികളും സ്വീകരിച്ചുവരുന്നു. കൂടാത ആക്രമണ സ്വഭാവമുള്ളതോ, രോഗബാധിതമോ ആയ തെരുവുനായ്ക്കളെ സംബന്ധിച്ച പരാതികളിൽ നിലവിലുള്ള ചട്ടങ്ങളും കോടതി നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. സ്കൂൾ തുറന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പൊതുനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനം, മൃഗസംരക്ഷണ വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയുമായി സഹകരിച്ച് സ്കൂളുകൾ, അങ്കണവാടികൾ, വിദ്യാർത്ഥികൾ കൂടുതലായ സഞ്ചരിക്കുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ആരോഗ്യ വകുപ്പിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും സഹകരണത്തോടെ പ്രത്യേക നിരീക്ഷണം നടത്തിവരുന്നു. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ആവശ്യമായ ബോധവത്കരണം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാത ആക്രമണ സ്വഭാവമുള്ളതോ, രോഗബാധിതമോ ആയ തെരുവുനായ്ക്കളെ സംബന്ധിച്ച പരാതികളിൽ അടിയന്തരമായി ഇടപെട്ട് നിലവിലുള്ള ചട്ടങ്ങൾക്കും സർക്കാർ നിർദ്ദേശങ്ങൾക്കും അനുസൃതമായി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. നിരീക്ഷണം ആവശ്യമുള്ള നായ്ക്കൾക്കായി മൃഗാശുപത്രിയിൽ താൽക്കാലികമായി സംരക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. പേവിഷബാധയുള്ളതോ, ആക്രമണ സ്വഭാവമുള്ളതോ ആയ തെരുവുനായ്ക്കളെ കണ്ടെത്തുകയും സുരക്ഷിതമായി പിടികൂടുകയും ചെയ്യുന്നതിനായി പരിശീലനം ലഭിച്ച ജീവനക്കാർ ഇല്ലാത്തതിനാൽ പരിശീലനം ലഭിച്ച റെസ്ക്യൂ ടീമുകളുടെ സഹായത്തോടെ നിലവിൽ പ്രവർത്തിച്ചുവരുന്നു. ആവശ്യമാ യ സാഹചര്യങ്ങളിൽ ഈ ടീമുകളുടെ സേവനം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപന സംവിധാനം ഒരുക്കിയിട്ടുണ്ട്. ആയതിന് ആവശ്യമായ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നുണ്ട്.

തെരുവ് നായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിനും ആക്രമണം തടയുന്നതിനും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. തെരുവ് നായകൾക്ക് പ്രതിരോധ കുത്തിവെപ്പ് (Anti Rabies Vaccination) നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. ശുചീകരണവും പരിശോധനയും: ബസ് സ്റ്റാൻഡുകൾ, പൊതു മൈതാനങ്ങൾ എന്നിവടങ്ങളിൽ തെരുവ് നായ്ക്കൾ താവളമാക്കുന്നത് തടയാൻ കൃത്യമായ ശുചീകരണവും പരിശോധനയും നടത്തുന്നുണ്ട്.

3. മൃഗസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവയുടെ സഹകരണത്തോടെ തെരുവ്നായ്ക്കളുടെ വന്ധ്യംകരണ (ABC Programme) പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

4. ആക്രമണ സ്വഭാവമുള്ളതും രോഗബാധിതവുമായ നായ്ക്കളെ സംബന്ധിച്ച പരാതികളിൽ അടിയന്തര പരിശോധനയും തുടർനടപടികളും സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നിരീക്ഷണം ആവശ്യമുള്ള നായകൾക്കായി മൃഗാശുപത്രിയിൽ താൽക്കാലിക സംരക്ഷണ സംവിധാനം ഒരുക്കിയിട്ടുണ്ട്.

5. പഞ്ചായത്ത് തലത്തിൽ പരാതി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളിലേക്ക് കൈമാറുന്നതിനുമായി സംവിധാനങ്ങൾ പ്രവർത്തിപ്പിച്ചുവരുന്നു.

6. ലഭിക്കുന്ന പരാതികളിൽ സമയബന്ധിതമായി ഇടപെട്ട് പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചുവരുന്നു.

5. **എടവിലങ്ങാട് ഗ്രാമ പഞ്ചായത്ത്**

മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്ത Animal Birth Control (ABC), Anti-Rabies Vaccination (ARV) പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നതോടൊപ്പം പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങളും മാലിന്യ സംസ്കരണ നടപടിക ളും സ്വീകരിച്ചുവരുന്നു. കൂടാതെ ആക്രമണസ്വഭാവമുള്ളതോ രോഗബാധിതമോ ആയ തെരുവുനായ്ക്കളെ സംബന്ധിച്ച പരാതികളിൽ നിലവിലുള്ള ചട്ടങ്ങളും കോടതി നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ തുറന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പൊതുനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനം, മൃഗസംരക്ഷണ വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയുമായി സഹകരിച്ച് സ്കൂളുകൾ, അങ്കണവാടികൾ, വിദ്യാർത്ഥികൾ കൂടുതലായി സഞ്ചരിക്കുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ആരോഗ്യ വകുപ്പിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും സഹകരണത്തോടെ പ്രത്യേക നിരീക്ഷണം നടത്തിവരുന്നു. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ആവശ്യമായ ബോധവത്കരണം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പേവിഷബാധയുള്ളതോ ആക്രമണ സ്വഭാവമുള്ളതോ ആയ തെരുവുനായ്ക്കളെ കണ്ടെത്തുകയും സുരക്ഷിതമായി പിടികൂടുകയും ചെയ്യുന്നതിനായി പരിശീലനം ലഭിച്ച ജീവനക്കാർ ഇല്ലാത്തതിനാൽ പരിശീലനം ലഭിച്ച റെസ്ക്യൂ ടീമുകളുടെ സഹായത്തോടെ നിലവിൽ പ്രവർത്തിച്ചുവരുന്നു. ആവശ്യമായ സാഹചര്യങ്ങളിൽ ഈ ടീമുകളുടെ സേവനം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപന സംവിധാനം ഒരുക്കിയിട്ടുണ്ട്.

ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വാർഡ് തലങ്ങളിൽ നിരീക്ഷണം സ്വീകരിച്ചുവരുന്നു.

6. **<u>പെരിഞ്ഞനം ഗ്രാമ പഞ്ചായത്ത്</u>**

പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ എല്ലാ പൊതു സ്ഥാപനങ്ങളിലും തെരുവുനായ ശല്യം നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഓരോ സ്ഥാപനത്തിനും ഒരു നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും തെരുവുനായ്ക്കളുടെ പ്രവേശനവും ശല്യവും ഒഴിവാക്കുന്നതിനുവേണ്ട കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. പേവിഷ ബാധയുള്ള നായ്ക്കളെ കണ്ടെത്തുന്നതിനും അവയെ സുരക്ഷിതമായ രീതിയിൽ പിടികൂടുന്നതിനും പരിശീലനം സിദ്ധിച്ചിട്ടുള്ള വേണ്ടത്ര ജീവനക്കാർ ഇല്ലാത്തതിനാൽ ആയതിന് പരിശീലനം സിദ്ധിച്ചിട്ടുള്ള കുടുംബശ്രീ മുതലായ ഏജൻസികളെ ഉപയോഗിച്ചു വരുന്നു. കൂടാതെ പെരിഞ്ഞനം ഗ്രാമ പഞ്ചായത്ത് താഴെപ്പറയുന്ന നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്:-

1. നോഡൽ ഓഫീസറെ നിയമിച്ചു: പദ്ധതികളുടെ ഏകോപനത്തിനായി പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ പൊതുസ്ഥാപനത്തിലും പ്രത്യേക നോഡൽ ഓഫീസർമാരെ നിശ്ചയിച്ചിട്ടുള്ളതാണ്.

2. ലിസ്റ്റ് തയ്യാറാക്കൽ: പഞ്ചായത്ത് പരിധിയിലെ പൊതു ഇടങ്ങൾ, സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവയുടെ കൃത്യമായ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

3. അടിസ്ഥാന സൗകര്യങ്ങൾ: ലിസ്റ്റിൽപ്പെട്ട സ്ഥാപനങ്ങളിൽ ചുറ്റുമതിലും ഗേറ്റും ഉണ്ടെന്ന് ഉറപ്പുവരുത്താനും, ഇല്ലാത്തവയിൽ അത് യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മിക്കാനും സ്ഥാപനമേധാവികൾക്ക് കർശന നിർദ്ദേശം നൽകി.

4. വാക്സിൻ ലഭ്യത: പഞ്ചായത്ത് പരിധിയിലെ സർക്കാർ ആശുപത്രികളിൽ പേവിഷ ബാധക്കെതിരെയുള്ള വാക്സിൻ (Anti-rabies vaccine), ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ ആവശ്യത്തിന് സ്റ്റോക്കുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

5. ശുചീകരണവും പരിശോധനയും: ബസ് സ്റ്റാൻഡുകൾ, ഡിപ്പോകൾ, പൊതു മൈതാനങ്ങൾ എന്നിവടങ്ങളിൽ തെരുവ് നായ്ക്കൾ താവളമാക്കുന്നത് തടയാൻ കൃത്യമായ ശുചീകരണവും പരിശോധനയും നടത്തുന്നുണ്ട്.

6. ABC പ്രോഗ്രാമും ഫണ്ടും: പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 31.12.2025 ലെ 2 (1) നമ്പർ തീരുമാന പ്രകാരം തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിനായി (ABC) ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യാനും, നായ്ക്കളെ പാർപ്പിക്കുന്നതിനായി അനുയോജ്യമായ ഷെൽട്ടറുകൾ കണ്ടെത്തുന്നതിനും തീരുമാനിച്ചു. ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് എ.ബി.സി (ABC) പ്രോഗ്രാം നടപ്പിലാക്കുന്നതിനും, ഇതിനായി വാർഷിക പദ്ധതിയിൽ പ്രൊജക്ട് നമ്പർ. 105/27 പ്രകാരം വികസനഫണ്ട് 5 ലക്ഷം തുക വകയിരുത്തി പദ്ധതി തയ്യാറാക്കി അംഗീകാരം ലഭ്യമായിട്ടുണ്ട്.

7. ജനകീയ സമിതികൾ: വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ജനകീയ സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

7. **<u>എറിയാട് ഗ്രാമ പഞ്ചായത്ത്</u>**

തെരുവുനായ നിയന്ത്രണവുമായി ബന്ധപ്പെട്ട് എ.ബി.സി പ്രോഗ്രാമിനാവശ്യമായ വിഹിതം പഞ്ചായത്ത് അടവാക്കിയിട്ടുള്ളതും, പദ്ധതി നടത്തിപ്പ് പഞ്ചായത്ത് തലത്തിൽ മോണിറ്റർ ചെയ്യുന്നതുമാണ്. വാർഡു മെമ്പർമാരുടെ മേൽനോട്ടത്തിൽ തെരുവുനായ പ്രശ്നം പരിഹരിക്കുന്നതിനും, വീടുകളിൽ വളർത്തുന്ന നായകളുമായി ബന്ധപ്പെട്ട് നിയമപരമായ അനുവാദവും, സംരക്ഷണവും തുടർനടപടികളും ഉറപ്പുവരുത്തുന്ന സമീപനവും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെയും, പഞ്ചായത്തിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റിയുടെയും നേതൃത്വത്തിൽ സ്കൂൾ പരിസരത്തുള്ള തെരുവുനായകളെ സംബന്ധിച്ച് പ്രത്യേക നിരീക്ഷണവും തുടർ നടപടികളും സ്വീകരിച്ചു വരുന്നു. പേവിഷബാധയുള്ള തെരുവു നായകളെ കണ്ടെത്തുന്നതിനും, സുരക്ഷിതമായി പിടികൂടുന്നതിനുമുള്ള മതിയായ ജീവനക്കാരുടെ കുറവുണ്ട്. അത്തരത്തിലുള്ള പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്ന മുറക്ക് മൃഗസംരക്ഷണ വകുപ്പിൽ നിന്നും പരിശീലനം സിദ്ധിച്ച Dog Catcher വിഭാഗവുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. തെരുവുനായകളെ പുനരധിവസിപ്പിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ഷെൽട്ടർ ഹോം സ്ഥാപിക്കുന്നതിന് സർക്കാർ തലത്തിൽ നിർദേശമുണ്ട്. ആയത് പ്രകാരം ഷെൽട്ടർ ഹോം സ്ഥാപിക്കുന്നതിനുള്ള സാധ്യതകളെപറ്റി നിരവധി ഭരണ സമിതി യോഗങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ തെരുവുനായകൾക്കായി ഒരു ഷെൽട്ടർ ഹോം സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. ആനിമൽ ബർത്ത് കൺട്രോൾ ചട്ടം 2023 പ്രകാരം നിലവിൽ വന്ധ്യകരണവും വാക്സിനേഷനും നൽകി തെരുവ് നായകളുടെ വംശവർദ്ധനവ് കുറയ്ക്കുന്നതിന് മാത്രമേ നിലവിൽ സാധിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**